(ബി) പ്രസ്തുത പ്രവൃത്തികളുടെ പണി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ ;

(സി) 2014-15 വർഷത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) ഹിൽ ഏരിയ ഡവലപ്മെന്റ് പദ്ധതിയിൻകീഴിൽ ഏറനാട് മണ്ഡലത്തിലെ ഊർങ്ങാട്ടിരി, ചാലിയാർ പഞ്ചായത്തുകളിൽ 2011-12 സാമ്പത്തിക വർഷത്തിൽ ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടില്ല. മലയോര വികസന ഏജൻസി പദ്ധതികൾ അനുവദിച്ചു തുടങ്ങിയത് 2012-13 സാമ്പത്തിക വർഷത്തിലാണ്. 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയ മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

ഹിൽ-ഏരിയ ഡവലപ്മെന്റ് ഏജൻസി

43 (3009) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തരം ഇടുക്കി ജില്ലയിലെ ഓരോ ബ്ലോക്കിനും 2011 മേയ് മുതൽ 2015 ഫെബ്രുവരി വരെ വിവിധ മരാമത്ത് പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ട് ; ബ്ലോക്ക് തിരിച്ചുള്ള വിശദാംശം നൽകുമോ ?

ഉത്തരം

ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി മുഖാന്തരം പദ്ധതികൾ അനുവദിച്ചത് 2012-13 സാമ്പത്തിക വർഷം മുതലാണ്. ഇടുക്കി ജില്ലയിൽ 2012 ഏപ്രിൽ മുതൽ 2015 ഫെബ്രുവരി വരെ ഓരോ ബ്ലോക്കിനും വിവിധ മരാമത്ത് പ്രവൃത്തികൾക്കായി

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആകെ പതിനഞ്ച് കോടി തൊണ്ണൂറ്റൊമ്പത് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിശദാംശം താഴെകൊടുക്കുന്നു :

ബ്ലോക്കിന്റെ പേര്	ഭരണാനുമതി നൽകിയ തുക
ദേവികുളം	313.00 ലക്ഷം രൂപ
കട്ടപ്പന	116.00 ലക്ഷം
നെടുങ്കണ്ടം	610.20 ലക്ഷം
അടിമാലി	415.00 ലക്ഷം
ഇടുക്കി	115.00 ലക്ഷം
അഴുത	20.00 ലക്ഷം
ഇളംദേശം	10.00 ലക്ഷം
ആകെ	1599.20 ലക്ഷം

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ

44 (3010) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ വൈക്കം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ കീഴിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഈ വർഷം തൊഴിലാളികൾക്ക് മുൻ വർഷങ്ങളേക്കാൾ കുറച്ച മാത്രമേ തൊഴിൽ ദിനങ്ങൾ ലഭിച്ചു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായ നിബന്ധനകൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly